# നിങ്ങളുടെ സ്വന്തം പക്ഷി കല ഉണ്ടാക്കൂ






വര: അഭിഷേക കൃഷ്ണഗോപാൽ

ആശയം, കല: അഭിഷേക കൃഷ്ണഗോപാൽ | വിവർത്തനം: രതീഷ് ആർ എൽ.

കട്ടുവാലുകുലുക്കിയുടെ പടം കണ്ടില്ലേ? നമുക്ക് നമ്മുടെ സ്വന്തം ഡിസൈനിൽ ഒരു കട്ടുവാലുകുലുക്കിയെ ഉണ്ടാക്കിയാലോ?

സഹായം വേണോ?
- ഈ നാടൻ കലാ ഡിസൈനുകൾ നോക്കൂ...
- ഇവയോ ഇതോലുപോലെ ഉള്ളതോ ആയ ഡിസൈനുകൾ ഉപയോഗിച്ചോളൂ...
- താഴെക്കാണുന്ന കാട്ടുവാലുകുലുക്കിക്ക് ഡിസൈനുകൾ കൊടുക്കൂ



ഇനി അപ്പുറത്തെ പേജിൽ ഉള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൂ

## കാട്ടുവാലുകുലുക്കിയ്ക്ക് അവ വാലു കുലുക്കുന്നത്തിനാലാണ് ആ പേര് വന്നത്

- എങ്ങിനെയാണ് അവ വാല് കുലുക്കുക?

□ വശങ്ങളിലേക്ക്

□ മുകളിലേക്കും താഴേക്കും

- എന്തായിരിക്കും ഈ പക്ഷിയുടെ ആഹാരം?

□ പഴങ്ങൾ

□ പ്രാണികൾ

□ വിത്തുകൾ

- ഏതായിരിക്കും ഇവയുടെ താമസസ്ഥലം?

□ നീർത്തടങ്ങൾ

□ പുൽമേടുകൾ

□ വനം



- കാട്ടുവാലുകുലുക്കുകളെ വർഷത്തിൽ എന്നും ഇന്ത്യയിൽ കാണാൻ പറ്റുമോ?

□ പറ്റും □ പറ്റില്ല

early bird

കട്ടുവാലുകുലുക്കിയെ പറ്റി കൂടുതൽ രസകരമായ കാര്യങ്ങൽ പറഞ്ഞു തരാൻ നിങ്ങളുടെ ടീച്ചറോട് പറയൂ...

# അധ്യാപകർക്ക്

- വശങ്ങളിലേക്ക് വാലുകുലുക്കുവാൻ കഴിവുള്ള ഒരേയൊരു വാലുകുലുക്കിയാണ് കാട്ടുവാലുകുലുക്കി

- വനപ്രദേശങ്ങളിലും, കാട് തെളിക്കപ്പെട്ടയിടങ്ങളിലും, തോട്ടങ്ങളിലുമാണ് ഇവയെ കാണാറുള്ളത്. കരിയിലകൾക്കിടയിൽ ഉള്ള പ്രാണികളെപ്പിടിക്കാനായി വശങ്ങളിലേക്ക് വാലും കുലുക്കി ഇവർ നിലത്ത് നടക്കുന്നുണ്ടാകും

- ദേശാടകരായ  ഇവർ തെക്കേ ഇന്ത്യയിൽ ശിശിരകാലം ചെലവിടുന്നു

- മരത്തിൽ കൂടുകൂട്ടുന്ന ഒരേയൊരു വാലു കുളുക്കിയാണ് ഇക്കൂട്ടർ



early bird